**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 142** **22-07-2021 - ൽ മറുപടിയ്ക്ക്**

**പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ സ്ഥാപനങ്ങളുടെ ആസ്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മുളങ്കുന്നത്ത് കാവ് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നതും 2003-ൽ പ്രവർത്തനം അവസാനിപ്പിച്ചതുമായ കെൽട്രോൺ പവ്വർഡിവൈസസ്, കെൽട്രോൺ റെക്ടിഫയേർസ് എന്നീ സ്ഥാപനങ്ങളുടെ നശിച്ചുകൊണ്ടിരിക്കുന്ന ആസ്തിയും ഭൂമിയും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്ന ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | 2003-ൽ പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ പവ്വർ ഡിവൈസസ്, കെൽട്രോൺ റെക്ടിഫയേർസ് എന്നീ സ്ഥാപനങ്ങൾ ലിക്വിഡേഷൻ നടപടികൾ നേരിടുന്നുണ്ട്. ബഹു. ഹൈക്കോടതിയിലുള്ള ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിച്ച് കെൽട്രോണിന് ഭൂമി തിരികെ വേണമെന്ന ആവശ്യം പരിഗണനയിലാണ്. മേൽ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 100 MW സോളാർ പാനൽ മാനുഫാക്ചറിങ് യൂണിറ്റ് തുടങ്ങുന്നതിനായിട്ടുള്ള പ്രോജക്ടും ഇതിനോടൊപ്പമുള്ള റിവൈവൽ പ്രൊപ്പോസലായുള്ള സ്കീമും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും ആയത് കോടതിയുടെ പരിഗണനയിലുമാണ്. |
| (ബി) | ഈ സ്ഥാപനങ്ങളുടെ ആസ്തി-ബാധ്യതകളുടെ കണക്ക് ലഭ്യമാക്കാമോ; | (ബി) | സ്ഥാപനത്തിന്റെ ആസ്തി തൃശ്ശൂർ മുളങ്കുന്നത്തുകാവിൽ ഉള്ള 12.19 ഏക്കർ വസ്തുവും കെട്ടിടങ്ങളുമാണ്. കമ്പനിയുടെ പൂർവ ഡയറക്ടർമാർ ഒഫീഷ്യൽ ലിക്വിഡേറ്റർക്കു 2006 ൽ നൽകിയിട്ടുള്ള സ്റ്റേറ്റ്മെന്റ് ഓഫ് അഫയേർസിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്ക് പ്രകാരം ഏകദേശബാധ്യത 44.13 കോടി രൂപയാണ്. (കെൽട്രോൺ റെക്ടിഫയേർസ് - 15.68 കോടിയും കെൽട്രോൺ പവർ ഡിവൈസസ് - 28.45 കോടിയുമാണ്.) |
| (സി) | ഇതുമായി ബന്ധപ്പെട്ട് നിലവിൽ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. ആയത് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ